പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.342 — 03.02.2020 ൽ മറുപടിയ്ക്ക്

## നെല്ല് സംഭരണം സപ്ലൈകോ ബാങ്കുകൾക്ക് നൽകേണ്ട തുക

| ചോദ്യം<br>ശ്രീ.അനിൽ അക്കര | | | ഉത്തരം<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | നെല്ല് സംഭരിച്ചതിന്റെ പേരിൽ കർഷകർക്ക് ബാങ്കുകൾ നൽകിയ പണം സപ്ലൈകോ ബാങ്കുകൾക്ക് പലിശ സഹിതം നൽകുവാനുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | 2018-19 സീസണിൽ കർഷകർക്ക് ബാങ്കുകൾ നൽകിയ പി.ആർ.എസ്. വായ്പയുടെ തിരിച്ചടവ് തുകയായി 1341.59 കോടി രൂപയും ആയതിന്റെ പലിശ ഇനത്തിൽ 90 കോടി രൂപയും ചേർത്ത് 1431.59 കോടി രൂപയാണ് നൽകുവാനുള്ളത്. |
| (ബി) | എത്ര കോടി രൂപയാണ് ഈയിനത്തിൽ ബാങ്കുകൾക്ക് സപ്ലൈകോ നൽകുവാനുള്ളത്; | | |
| (സി) | സർക്കാർ അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ സപ്ലൈകോ ബാങ്കുകൾക്ക് പണം നൽകാത്തതുമൂലം ബാങ്കുകൾ കർഷകർക്കുള്ള വായ്പ നിർത്തിവെച്ച സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | നെല്ല് സംഭരിച്ചവകയിൽ കേന്ദ്രത്തിൽ നിന്നും എന്ത് തുകയാണ് ലഭിക്കുവാനുള്ളത്; | (ഡി) യും (ഇ) യും | 2018-19 സീസണിൽ അരി വിതരണം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഡിസംബർ 2019 വരെ 1038 കോടി രൂപയാണ് കേന്ദ്രത്തിൽ നിന്ന് ലഭിക്കുവാനുള്ളത്. ടി തുക ലഭ്യമാക്കുന്നതിനായി സെപ്തംബർ 2019 വരെയുള്ള ക്ലെയിം കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ഇ) | ഇത് ലഭ്യമാക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ